മാധ്യമം

17 September 2018

# കാലാവസ്ഥ വ്യതിയാനം: ഗവേഷകർക്ക് അറിവ് പകരാൻ വിന്റർ സ്കൂൾ

● 21 ദിവസത്തെ ശാസ്ത്രീയ ചർച്ചകൾക്ക് വേദിയാകും

കൊച്ചി: കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട നൂതന പ്രവണതകൾ ചർച്ച ചെയ്യാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) വിന്റർ സ്കൂൾ സംഘടിപ്പിക്കുന്നു. നവംബർ എട്ട് മുതൽ 29 വരെ സി.എം.എഫ്.ആർ.ഐയിൽ നടക്കുന്ന വിന്റർ സ്കൂളിൽ കാലാവസ്ഥ വ്യതിയാനം കടലിന്റെ ആവാസവ്യവസ്ഥയെയും മത്സ്യസമ്പത്തിനെയും എങ്ങനെ ബാധിക്കുമെന്നതാണ് പ്രധാന ചർച്ചാവിഷയം.

സംസ്ഥാനത്ത് ഉണ്ടായ പ്രളയവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രതിഫലനമാണെന്ന വാദങ്ങൾക്കിടയിൽ വിന്റർ സ്കൂളിലെ സംവാദങ്ങൾക്ക് പ്രാധാന്യമേറും.

സമുദ്രോപരിതലത്തിലെ ചൂടിന്റെ വർധന, അമ്ലീകരണം, കടൽ ജീവജാലങ്ങളുടെ ആവാസവ്യവസ്ഥയിലെ മാറ്റങ്ങൾ എന്നിവ നേരിടാൻ ക്ലൈമറ്റ് സ്മാർട്ട് വില്ലേജുകൾ വികസിപ്പിക്കൽ അടക്കം വിഷയങ്ങളിൽ ശാസ്ത്രജ്ഞരുടെയും അക്കാദമിക് വിദഗ്ധരുടെയും മേൽനോട്ടത്തിൽ ചർച്ച നടക്കും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട ബോധവത്കരണമാണ് പരിപാടിയുടെ ലക്ഷ്യം.

കടലിന്റെ ഉപരിതലത്തിൽ ചൂട് ക്രമാതീതമായി ഉയരുന്നത് മത്സ്യസമ്പത്തിനെ സാരമായി ബാധിക്കുന്നുണ്ടെന്നാണ് കണ്ടെത്തൽ. ഇക്കാര്യവും ചർച്ചയാകും. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐ.സി.എ.ആർ) സാമ്പത്തിക സഹായത്തോടെയാണ് പരിപാടി നടത്തുന്നത്. ഐ.സി.എ.ആർ ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രജ്ഞർക്കും കാർഷിക സർവകലാശാലയിലടക്കം കാർഷിക വിഷയങ്ങങ്ങൾ പഠിപ്പിക്കുന്ന അസി.പ്രഫസർ തസ്തികയിലുള്ളവർക്കും വിന്റർ സ്കൂളിൽ പങ്കെടുക്കാം.

അപേക്ഷകർക്ക് കാലാവസ്ഥ വ്യതിയാന-അനുബന്ധ വിഷയങ്ങളിലെ പ്രാഥമിക അവബോധത്തോടൊപ്പം ശാസ്ത്രവിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും വേണം. കൂടുതൽ വിവരങ്ങൾക്ക്: www.cbp.icar.gov.in, www.cmfri.org.in